# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2512

13.02.2013 ൽ
മറുപടിക്ക്

## ഇ-ജില്ലാപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.എം.പി. വിൻ സെൻറ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും<br>വകുപ്പ് മന്ത്രി) |
| (എ) ഇ-ജില്ലാപദ്ധതി യുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള പൊതുജനസേവന (അക്ഷയ) കേന്ദ്രങ്ങൾവഴി ഓൺലൈനായി ലഭ്യമാക്കുന്ന ഇ-ഗവേണൻസ് പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ മികവ് പരമാവധി പ്രയോജനപ്പെടുത്തി സുതാര്യമായും നിഷ്പക്ഷമായും വേഗത്തിലും സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സർക്കാരിൽ നിന്നും ലഭിക്കേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈനാക്കുകയും ഒരു ഏകജാലക സംവിധാനം വഴി പൊതുജനങ്ങൾക്കു ലഭ്യമാക്കുകയും ചെയ്യുക എന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിലാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി നിലവിൽ വരുന്നതോടുകൂടി പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ഓഫീസുകളിൽ പലതവണ കയറിയിറങ്ങാതെ വിവിധ സർട്ടിഫിക്കറ്റുകൾ വളരെ വേഗത്തിൽ ലഭ്യമാക്കുന്നതിനു സാധിക്കും. |
| (ബി) ഏതെല്ലാം ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട്; വിശദമാക്കാമോ; | (ബി) കണ്ണൂർ, പാലക്കാട്, പത്തനംതിട്ട, കോട്ടയം, മലപ്പുറം ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ഏതെല്ലാം ഏജൻസികൾ വഴിയാണ് ; | (സി) കേരളത്തിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതിന്റെ (സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി) ചുമതല സംസ്ഥാന ഐ.ടി. മിഷനാണ്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടുകൂടിയാണ് ഈ പദ്ധതിയുടെ സോഫ്റ്റ് വെയർ വികസിപ്പിച്ചിരിക്കുന്നത്. അക്ഷയാ |

കേന്ദ്രങ്ങൾ വഴിയാണ് ഈ പദ്ധതിയുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്.

(ഡി) എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തിയായിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ അതാത് ജില്ലകളിലെ എല്ലാ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷണൽ ഓഫീസുകളിലും കളക്ടറേറ്റുകളിലും ഹാർഡ് വെയർ, കണക്ടിവിറ്റി, ഡിജിറ്റൽ സിഗ്നേച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും, അക്ഷയാ സംരംഭകർക്കും ഇ-ഡിസ്ട്രിക്ട് സോഫ്റ്റ്വെയറിൽ പരിശീലനം നൽകുന്നുണ്ട്. മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്മാരെ സഹായിക്കുന്നതിനായി എല്ലാ ജില്ലകളിലും സപ്പോർട്ട് സ്റ്റാഫിനെ നിയമിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. കൂടാതെ എല്ലാ ജില്ലകളിലും ഓരോ ഡിസ്ട്രിക്ട് പ്രോജക്ട് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. ഇ-ഡിസ്ട്രിക്ട് പദ്ധതി നടത്തിപ്പിന്റെ മേൽ നോട്ടം വഹിക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി രൂപീകരിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ